# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 242 — 19.06.2014 ൽ മറുപടിക്ക്

## സപ്ലൈകോ ടെണ്ടർ നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. ദാസൻ:<br>ശ്രീ. ഇ.പി. ജയരാജൻ:<br>ശ്രീ. എ.എം. ആരിഫ്:<br>ശ്രീ. രാജു എബ്രഹാം: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) സപ്ലൈകോയിൽ നടക്കുന്ന ടെണ്ടറുകളിൽ ഉദ്യോഗസ്ഥരും കരാറുകാരും ഒത്തുകളിയിലൂടെ ക്രമക്കേട് നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) പത്രവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഒരു വിഭാഗം കരാറുകാർ സംഘടിതമായി വിപണി വിലയിലും ഉയർന്ന നിരക്ക് രേഖപ്പെടുത്തുകയും ഉദ്യോഗസ്ഥന്മാർ ഇത് വില പേശലിലൂടെ നാമമാത്ര സംഖ്യ കുറച്ച് ടെണ്ടർ ഉറപ്പിച്ചു നൽകുകയും ചെയ്യുന്ന അവസ്ഥയുണ്ടായിട്ടുണ്ടോ; | (ബി) ഇ - ടെണ്ടറിൽ ടെണ്ടർ ദിനത്തിലെ വിപണി വില ശേഖരിച്ച് കരാറുകാർ രേഖപ്പെടുത്തുന്ന വിലയുമായി താരതമ്യം ചെയ്യുന്നു. കരാറുകാർ ഉയർന്ന വില രേഖപ്പെടുത്തിയിട്ടുള്ളതായി കണ്ടാൽ വില കുറയ്ക്കുന്നതിനായി കോർപ്പറേഷൻ ഒന്നിൽ കൂടുതൽ തവണ നെഗോഷിയേഷൻ നടത്തി കരാറുകാരെക്കൊണ്ട് കൂടിയ നിരക്ക് കുറപ്പിക്കാറുണ്ട്. വിലപേശൽ നടത്തിയിട്ടും കരാറുകാർ നിരക്ക് കുറയ്ക്കാൻ തയ്യാറാകുന്നില്ലെങ്കിൽ ഇവ റീ ടെണ്ടർ ചെയ്യുകയോ അല്ലെങ്കിൽ അടുത്ത ടെണ്ടറിൽ വാങ്ങുന്നതിന് മാറ്റിവയ്ക്കുകയോ ചെയ്യും. ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുന്ന സപ്ലൈയർമാർക്ക് മാത്രമാണ് പർച്ചേസ് ഓർഡർ നൽകുന്നത്. |
| (സി) ഒത്തുകളിക്ക് തയ്യാറാകാത്ത കരാറുകാർക്ക് നേരത്തേ സാധനങ്ങൾ വിതരണം ചെയ്തതിന് നൽകേണ്ട പണം തടഞ്ഞു വച്ചതുമായി ബന്ധപ്പെട്ട് വിവാദം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (സി) ചില സപ്ലയർമാർ വിതരണം ചെയ്ത സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നിഷ്ക്കർഷിച്ച ഗുണമേന്മ നിബന്ധനകൾക്ക് വിപരീതമാണെന്ന് പ്രഥമ ദൃഷ്ട്യാ സംശയം തോന്നിയതിനാൽ ശാസ്ത്രീയ പരിശോധനയ്ക്കായി ഈ സാധനങ്ങൾ കോന്നിയിലെ CFRD ലബോറട്ടറിയിൽ അയച്ചിരുന്നു. |

| | | | |
|---|---|---|---|
| | | | പരിശോധനാഫലം വന്ന ഉടൻ തന്നെ പെനാൽറ്റി ഈടാക്കി ബാക്കി തടഞ്ഞുവച്ച മുഴുവൻ പണവും ബന്ധപ്പെട്ട കരാറുകാർക്ക് നൽകുകയുണ്ടായി. |
| (ഡി) | കരാറുകാർ അമിതനിരക്ക് രേഖപ്പെടുത്തുന്ന സാഹചര്യത്തിൽ സപ്ലൈകോ സ്വീകരിക്കേണ്ടുന്ന നിലപാട് എന്താണ്; അത് പാലിക്കപ്പെടുന്നുണ്ടോ; | (ഡി) | ഇ ടെണ്ടറിൽ വിപണിവിലയേക്കാൾ ഉയർന്ന നിരക്കിൽ കരാറുകാർ വില രേഖപ്പെടുത്തുമ്പോൾ വില കുറയ്ക്കുന്നതിനുവേണ്ടി കോർപ്പറേഷൻ ഒന്നിൽ കൂടുതൽ തവണ നെഗോഷിയേഷൻ നടത്തി കരാറുകാരെക്കൊണ്ട് കൂടിയ നിരക്ക് കുറപ്പിക്കാറുണ്ട്. വില പേശൽ നടത്തിയിട്ടും കരാറുകാർ ആരും തന്നെ നിരക്ക് കുറച്ചില്ലെങ്കിൽ ഇവ റീടെൻഡർ ചെയ്യുകയോ അല്ലെങ്കിൽ അടുത്ത ടെൻഡറിൽ വാങ്ങുന്നതിന് മാറ്റി വയ്ക്കുകയോ ചെയ്യും. ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുന്ന സപ്ലൈയർമാർക്ക് മാത്രമാണ് പർച്ചേസ് ഓർഡർ നൽകുന്നത്. |
| (ഇ) | സപ്ലൈകോയിൽ കരാറുകാർക്ക് ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുക്കുന്നതിനും ടെണ്ടർ നൽകുന്നതിലെ അഴിമതി തടയുന്നതിനും ശക്തമായ നടപടി സ്വീകരിക്കാൻ തയ്യാറാകുമോ? | (ഇ) | സപ്ലൈകോയിലെ ഉദ്യോഗസ്ഥർ ഏതെങ്കിലും കരാറുകാർക്ക് ഒത്താശ ചെയ്യുന്നതായി ഇതുവരെ ശ്രദ്ധ യിൽപ്പെട്ടിട്ടില്ല. ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടാൽ അതുമായി ബന്ധപ്പെട്ടവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. |

Beena

**സെക്ഷൻ ഓഫീസർ**

# വിശദീകരണക്കുറിപ്പ്

സപ്ലൈകോയിൽ സാധനങ്ങൾ വാങ്ങുന്നതിന് പരമാവധി കുറ്റമറ്റ രീതിയിൽ വളരെ സുതാര്യമായി നടപ്പാക്കുക എന്ന ലക്ഷ്യത്തോടെയാണ് 2005 ൽ കോർപ്പറേഷൻ ഇ ടെൻഡർ സംവിധാനം ഏർപ്പെടുത്തിയത്. ഇതിനായി കർണ്ണാടക സർക്കാരിന്റെ കീഴിലുള്ള KEONICS എന്ന സ്ഥാപനത്തെയാണ് സാങ്കേതിക സഹായത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇ ടെൻഡർ സംവിധാനം മുഖേന ഭക്ഷ്യ സാധനങ്ങൾ കോർപ്പറേഷൻ വാങ്ങുന്നതുകൊണ്ട് ഉത്പാദകർക്കും കരാറുകാർക്കും സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ എറണാകുളത്തുള്ള കാര്യാലയത്തിൽ വരാതെ അവരവരുടെ കേന്ദ്രങ്ങളിൽ നിന്നുതന്നെ ഇ ടെൻഡറിൽ പങ്കെടുക്കാൻ സാധിക്കും. ബിനാമി വിതരണക്കാരെ ഒഴിവാക്കാൻ ഡിജിറ്റൽ സിഗ്നേച്ചർ സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. ഇതു വഴി വിതരണക്കാരുടെ അനധികൃത സംഘം ചേരൽ പൂർണ്ണമായും തടയുവാൻ സാധിക്കും. ഇ ടെൻഡറിൽ വിപണിവിലയേക്കാൾ ഉയർന്ന നിരക്കിൽ കരാറുകാർ വില രേഖപ്പെടുത്തുമ്പോൾ വില കുറയ്ക്കുന്നതിനുവേണ്ടി കോർപ്പറേഷൻ ഒന്നിൽ കൂടുതൽ തവണ നെഗോഷിയേഷൻ നടത്തി കരാറുകാരെക്കൊണ്ട് കൂടിയ നിരക്ക് കുറപ്പിക്കാറുണ്ട്. വില പേശൽ നടത്തിയിട്ടും കരാറുകാർ ആരും തന്നെ നിരക്ക് കുറച്ചില്ലെങ്കിൽ ഇവ റീടെൻഡർ ചെയ്യുകയോ അല്ലെങ്കിൽ അടുത്ത ടെൻഡറിൽ വാങ്ങുന്നതിന് ആയി മാറ്റി വയ്ക്കുകയോ ചെയ്യും. ഏറ്റവും കുറഞ്ഞ വില രേഖപ്പെടുത്തുന്ന സപ്ലൈയർമാർക്ക് മാത്രമാണ് പർച്ചേസ് ഓർഡർ നൽകുന്നത്.

Beena
Section officer